# വിശ്വസിക്കുന്ന ഏവനും

(സുവിശേഷ പ്രസംഗ സംഗ്രഹം*)

---

*Town Hall Ernakulam; 20th March 1993

# വിശ്വസിക്കുന്ന ഏവനും

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻതക്കവണ്ണം ലോകത്തെ സ്നേഹിച്ചു'' (യോഹന്നാൻ 3:16)

ദൈവത്തെക്കുറിച്ച് മനുഷ്യന് വ്യത്യസ്തമായ ചിന്തകളും വിചാരങ്ങളും ഉണ്ട്. അതുപോലെ തന്നെ മനുഷ്യൻ ദൈവിക മാർഗ്ഗത്തെ വളരെയധികം തെററിദ്ധരിച്ചിട്ടുമുണ്ട്. ദൈവിക സന്ദേശത്തെ തെററായി വ്യാഖ്യാനിച്ചിട്ടുള്ളതു നിമിത്തം തന്റെ സൃഷ്ടാവിനു തന്നോടുള്ള ഉദ്ദേശം മനസ്സിലാകാതെ മനുഷ്യൻ ഇന്നും വലഞ്ഞുതിരിയുകയാണ്. ആ ഉദ്ദേശം മനസ്സിലാകാത്തവണ്ണം ഭൗതികജീവിതത്തിന്റെ തിരക്കിലാണ് നാം അകപ്പെട്ടിട്ടുള്ളത്.

വളരെക്കാലങ്ങൾക്കു മുമ്പുതന്നെ നിരീശർത്വം ലോകത്തിൽ പ്രചരിച്ചിരിന്നു. ദൈവം ഇല്ല എന്നും ഈ കാണുന്നതെല്ലാം യാദൃച്ഛികമായി ഉണ്ടായി എന്നും ചിന്തിച്ചുവന്നിരുന്നവർ അനവധിയാണ്.

കഴിഞ്ഞ നൂററാണ്ടിലെ പ്രസിദ്ധനായ ദൈവദാസൻ ആയിരുന്നു ഡോ. R. A. ടോറി. അദ്ദേഹം ഒരു സർവ്വകലാശാലയിൽ ഒരു പ്രസംഗം നിർവ്വഹിക്കുന്നതിനു വേണ്ടി പോയി. തന്റെ സുവിശേഷപ്രസംഗം അവസാനിച്ചു കഴിഞ്ഞപ്പോൾ ഒരു യുവാവ് അദ്ദേഹത്തിന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു. "മി. ടോറി, ഞാനും ബാല്യകാലത്തിൽ

ദൈവകാര്യങ്ങൾ അഭ്യസിച്ചുവന്നവനാണ്. എന്നാൽ എനിക്ക് ഇപ്പോൾ മനസ്സിലാകുന്നത് ദൈവിക ചിന്ത അബദ്ധമാണെന്നും ദൈവം ഇല്ല എന്നുമാണ്.'' എന്തുകൊണ്ടാണ് നിനക്ക് ഇപ്പോൾ ഇങ്ങനെ തോന്നുവാൻ കാരണം എന്ന ചോദ്യത്തിന് അവൻ പറഞ്ഞത്, ''ഞാൻ മുതിർന്നപ്പോൾ ഈ യൂണിവേഴ്സിററിയിൽ വന്നു. ഞാൻ ചില പുസ്തകങ്ങൾ ഒക്കെ വായിച്ചു. അതിൽ നിന്നും എനിക്ക് മനസ്സിലായത് ദൈവം ഇല്ല എന്നും, ഇതെല്ലാം കെട്ടുകഥയാണെന്നുമാണ്.'' ഡോ. ടോറി പറഞ്ഞു, ''നീ അങ്ങനെ പറഞ്ഞ് എന്നെ തെററിദ്ധരിപ്പിക്കരുത്. ഞാനും യൂണിവേഴ്സിററിയിൽ വന്നിട്ടുണ്ട്, പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്, എനിക്ക് ഒരു ഡോക്ടറേററ് ബിരുദവും ഉണ്ട്. ഒരിക്കലും ദൈവാസ്തിക്യത്തെ നിഷേധിക്കുവാനുള്ള ഒരു ന്യായവും ഞാൻ ഇതുവരെ കണ്ടിട്ടില്ല'' അതിനുശേഷം അദ്ദേഹം തുടർന്നു ചോദിച്ചു ''നിന്റെ നഖം എങ്ങനെ വളരുന്നു എന്ന് നിനക്കറിയാമോ? നിന്റെ ബുദ്ധിയിൽ തോന്നുന്ന പല കാര്യങ്ങൾ, ഹൃദയത്തിലുളവാകുന്ന വിവിധ വികാരങ്ങൾ ഇവ എങ്ങനെ ഉത്ഭവിക്കുന്നു എന്ന് നിനക്കറിയാമോ ? പ്രകൃതിയിലെ പല രഹസ്യങ്ങൾ, കാലാവസ്ഥയിൽ വരുന്ന വ്യതിയാനങ്ങൾ, ഋതുഭേദങ്ങൾ, ഇവയെക്കുറിച്ചെല്ലാം എന്ത് അറിവാണ് നിനക്കുള്ളത്?'' അവന് ഒന്നും മറുപടി പറയുവാൻ ഇല്ലായിരുന്നു. ഇതിനെക്കുറിച്ചൊന്നും സാമാന്യമായി പോലും പറയുവാൻ കഴിവില്ലാത്ത ലോകത്തിലെ ആയിരക്കണക്കിന് സാധാരണക്കാരിൽ ഒരു സാധാരണക്കാരനായ നിനക്ക് ദൈവത്തെ നിഷേധിക്കുവാൻ തക്ക എന്തുയോഗ്യതയാണ് നിന്നിൽത്തന്നെ നീ കാണുന്നതെന്ന് ഡോ. ടോറി ചോദിച്ചു. നിശ്ശബ്ദനായി നിന്ന അവനോട് അദ്ദേഹം തുടർന്നു. ''ഞാൻ വീണ്ടും നിന്നോട് ചോദിക്കട്ടെ, നിന്റെ സാന്മാർഗിക നിലവാരം എങ്ങനെയിരിക്കുന്നു? ജീവിതത്തിൽ വിശുദ്ധി പാലിക്കുവാൻ നിനക്കുകഴിഞ്ഞിട്ടുണ്ടോ? യഥാർത്ഥമായ ഹൃദയസമാധാനത്തിലാണോ നീ ജീവിതം തുടരുന്നത്?'' അദ്ദേഹത്തിന്റെ ചോദ്യശരങ്ങളുടെ മുമ്പിൽ ആ യുവാവ് ആകെ കുഴഞ്ഞു. ഒടുവിൽ അവൻ കുററസമ്മതം നടത്തിയത് ''ഞാൻ ഈ ഭൂമിയിൽ ജീ

വിച്ചിരിക്കുന്നവരിൽ വച്ച് ഏററവും അരിഷ്ടനായ മനുഷ്യൻ ആണ്''' എന്നാണ്.

പലപ്പോഴും ദൈവത്തെ നിരാകരിക്കുന്നവർ പോലും തങ്ങളുടെ ജീവിതത്തെ സ്വയമായി നിയന്ത്രിക്കുവാൻ കഴിയാതെ പരാജയമടയാറുണ്ട്. അത് അവർ മൂടിവച്ചുകൊണ്ടാണ് ദൈവത്തിനെതിരേ മറുതലിക്കുവാനുള്ള ശ്രമം നടത്തുന്നത്. എന്നാൽ ദൈവത്തിങ്കലേക്ക് മടങ്ങിവരുക മാത്രമാണ് മനുഷ്യന്റെ രക്ഷക്കായുള്ള ഏക മാർഗ്ഗം. ഒരിക്കലും ദൈവത്തെ കൂടാതെ നടത്തുന്ന പരിശ്രമങ്ങൾ ശുഭകരമായി തീരുകയില്ല.

—ഒഴിച്ചുകൂടാനാവാത്ത ന്യായവിധി—

നാം ഈ വാക്യത്തിന്റെ അടുത്തഭാഗത്ത് ''നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്''' എന്നുകാണുന്നു. അതിൽ നിന്നും ലഭിക്കുന്ന സൂചന അധികം താമസിയാതെ ഒരു നാശം അഥവാ ന്യായവിധി വരുന്നുവെന്നാണ്. തല്ക്കാലം ദൈവിക മുന്നറിയിപ്പ് മാററിവച്ചാൽ തന്നെ ഈ ലോകം ഇന്നത്തെ അവസ്ഥയിൽ എത്രനാൾ മുമ്പോട്ടു പോകും എന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്. ബുദ്ധി കൊണ്ട് മനുഷ്യൻ വളരെയധികം ഉയർന്നുവെങ്കിലും സാന്മാർഗ്ഗിക മൂല്യങ്ങളിൽ അധഃപതിച്ച് ആർക്കും നിയന്ത്രിക്കുവാനാവാത്ത ഒരു ഘട്ടത്തിലേക്ക് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നു. വളരെയധികം ക്ളേശങ്ങൾ, മാനസിക സംഘർഷങ്ങൾ മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ പാപം മുഖാന്തരം ദൈവം ലോകത്തെ സാർവ്വത്രികമായി ന്യായം വിധിക്കുമെന്ന് തിരുവചനം ഓർപ്പിക്കുന്നു. ദൈവവചനത്തിൽ ഇപ്രകാരം കാണുന്നു. ''മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്ക് പോകും................ആത്മാവ് തന്നെ സൃഷ്ടിച്ചവന്റെ അടുക്കലേക്ക് മടങ്ങിചെല്ലും.'' ബൈബിളിലെ ഒടുവിലത്തെ പുസ്തകമായ വെളിപ്പാടു പുസ്തകം 21-ാം അദ്ധ്യായത്തിൽ നാം ഇതിന്റെ പൂർത്തീകരണം കാണുന്നു. ''ഞാൻ വലിയൊരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു................പുസ്ത

കങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത വിധിയുണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു. മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു. ഓരോരുത്തന്ന് അവനവന്റെ പ്രവർത്തികൾക്കടുത്ത വിധിയുണ്ടായി. മരണത്തേയും പാതാളത്തേയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതികാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും.''

ഇതാണ് മനുഷ്യന്റെ പാപം മുഖാന്തരമുള്ള വീഴ്ചയ്ക്ക് പകരമായി ദൈവം വച്ചിരിക്കുന്ന ന്യായവിധി. പ്രശ്നങ്ങളുടെ ആധിക്യത്താൽ ചിലർ ആത്മഹത്യക്കുവരെ തുനിയാറുണ്ട്. എന്നാൽ അതൊന്നും ശാശ്വതമായ ഒരു പരിഹാരമായിരിക്കുന്നില്ല.

നിങ്ങൾക്ക് ആത്മികവിഷയങ്ങളിൽ വ്യത്യസ്തമായ അഭിപ്രായം ഉണ്ടായേക്കാം, വിവിധമായ സംശയങ്ങൾ ഒരുപക്ഷേ കണ്ടേക്കാം. നിങ്ങളുടെ ചിന്തകളും നിരൂപണങ്ങളും വേറൊന്നായിരിക്കാം. എന്നാൽ നിത്യനായ ദൈവത്തിന്റെ സന്നിധിയിൽ ചെന്നെത്തുമ്പോൾ നിങ്ങളുടെ ആത്മാവിന് ദൈവത്തോട് കണക്കു പറയേണ്ടതാണെന്ന വസ്തുത മറന്നുപോകരുത്.

ഒരു ആറുനില കെട്ടിടത്തിൽ അഗ്നിബാധയുണ്ടായപ്പോൾ അതിന്റെ ആറാം നിലയിലുണ്ടായിരുന്ന ഒരു പത്രം ആഫീസിലെ റിപ്പോർട്ടറെക്കുറിച്ച് കേട്ടിട്ടുണ്ട്. അഗ്നിബാധയുണ്ടായപ്പോൾ അദ്ദേഹത്തിന് രക്ഷപ്പെടാനുള്ള അവസരം ധാരാളം ഉണ്ടായിരുന്നതാണ്. എന്നാൽ മുകളിലത്തെ നിലയിൽ ഇരുന്നുകൊണ്ട് താഴെനിന്നു കത്തിവരുന്ന അഗ്നിബാധയുടെ വിവരങ്ങൾ ഓരോ ഘട്ടങ്ങളിലായി തന്റെ ടെലക്സ് യന്ത്രം വഴി പുറംലോകത്തിന് അയച്ചുകൊണ്ടിരുന്നു. അതൊരു സാഹസികതയായി അയാൾ കണക്കാക്കി. എന്നാൽ അഗ്നി ഏററവും മുകളിലും വ്യാപിച്ചപ്പോൾ രക്ഷാ സന്നാഹം വച്ചിരിക്കുന്നിടത്തേക്ക് അയാൾ പാഞ്ഞുവെങ്കിലും വൈകി

പ്പോയിരുന്നു. തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ ആ മനുഷ്യൻ വെന്തെരിഞ്ഞു. സാഹസികമായ വിധത്തിൽ ജീവിതത്തെ കണ്ടുകൊണ്ട് മുമ്പോട്ടുപോകുന്നവർ അനവധിയാണ്. എന്നാൽ നിങ്ങൾ തല ഉയർത്തി നോക്കിയാൽ നരകാഗ്നി നിങ്ങൾക്കായി കത്തിയെരിയുന്നത് കാണാം. ദൈവത്തിന്റെ ദിവസത്തിലേക്ക് കാലം നീങ്ങിക്കൊണ്ടിരിക്കുന്നു. അതുവരെയും താമസിച്ചാൽ അതിദയനീയമായ ഒരു അവസാനം മനുഷ്യനെ തേടിയെത്തും.

ഇപ്പോൾ സുപ്രസാദകാലമായതിനാൽ നിങ്ങൾക്ക് മനംതിരിയാനുള്ള നല്ല സന്ദർഭമാണ്. ഇന്ന് രക്ഷാദിവസമായതിനാൽ രക്ഷ പ്രാപിക്കാവുന്ന അനുഗ്രഹീത സമയമാണ്. എന്നാൽ ഇത്ര വലിയ രക്ഷയെ ഗണ്യമാക്കാതെ പോയാൽ മാനസാന്തരത്തിന് ഇട കണ്ടെത്താത്ത ഹൃദയകാഠിന്യമുള്ളൊരു അവസ്ഥ മാത്രമേ തുടർന്നുണ്ടാകാൻ ഇടയുള്ളു എന്ന് ബൈബിൾ ഓർപ്പിക്കുന്നു.

## - ദൈവം ലോകത്തെ സ്നേഹിച്ചു -

പാപത്തിൽ വീണുപോയ ലോകത്തെ വീണ്ടെടുക്കുവാനായി ദൈവം ആഗ്രഹിച്ചു. മക്കൾ ജഡരക്തങ്ങളോടു കൂടിയവരാകകൊണ്ട് ക്രിസ്തുവും ജഡശരീരം ധരിച്ച് പാപത്തിന്റെ ശിക്ഷ ഏററുവാങ്ങി. ക്രൂശിൽ കാണുന്ന ദൈവസ്നേഹം അതാണ്. അതിനാൽ ക്രിസ്തുവിൽ ശരണപ്പെടുന്നവർക്ക് വിമോചനം ലഭിക്കും.

യേശുക്രിസ്തു എന്തിനാണ് ശിക്ഷ അനുഭവിച്ചതെന്നും ക്രിസ്തുവിൽ വിശ്വസിച്ചാൽ രക്ഷ കിട്ടുമെന്നും പറയുന്നതെന്താണെന്നും പലരും ചോദിക്കാറുണ്ട്. മററുചിലർ, തെററ് ചെയ്തിട്ട് ദൈവത്തോട് ക്ഷമയ്ക്കായി പ്രാർത്ഥിക്കാറുണ്ട്. ദൈവം അവരുടെ പ്രാർത്ഥന കേട്ട് തങ്ങളുടെ കുററം ക്ഷമിച്ചുതരുമെന്നാണ് അവർ കരുതുന്നത്. എന്നാൽ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിൽ ആശ്രയമില്ലാ

തെ കഴിക്കുന്ന അങ്ങനെയുള്ള പ്രാർത്ഥനകൾക്ക് ഒരു കാലത്തും ഉത്തരം ലഭിക്കുകയില്ല. ഈ ഉദാഹരണം അത് വ്യക്തമാക്കും. ഒരുവൻ ഒരു കുല നടത്തിയശേഷം ന്യായാധിപന്റെ അടുക്കൽ ചെന്ന് സാഷ്ടാംഗം വീണ് ക്ഷമ യാചിച്ചപ്പോൾ ആ ന്യായാധിപൻ അവന്റെ കുററം ക്ഷമിച്ച് അവനെ വെറുതെവിട്ടു എന്നു വിചാരിക്കുക. അടുത്ത ദിവസം വേറൊരുവൻ ഒരു കുല നടത്തി അവനും ന്യായാധിപന്റെ കാല്ക്കൽ വീണ് ക്ഷമ ചോദിച്ച് രക്ഷപ്പെട്ടു. മൂന്നാമത് വേറൊരുവനും ഇതേവിധം രക്ഷനേടി. ഈ നിലയിൽ മുന്നോട്ട്നീങ്ങിയാൽ ഏറെ താമസിയാതെ ആ രാജ്യം കുലപാതകന്മാരുടെ രാജ്യം ആയിതീരുമെന്നതിന് സംശയമില്ല.

മനുഷിക നീതിയിൽ പോലും ഏതൊരു തെററും ശിക്ഷിക്കപ്പെടേണ്ടത് ആവശ്യമാണ്. ഒരു തെററ് ശിക്ഷിക്കപ്പെടാതെ പോവുകയാണെങ്കിൽ അത് അനീതിയായി കണക്കാക്കപ്പെടേണ്ടതാണ്.

അതിനാൽ ഈ ചോദ്യം നിങ്ങളോട് ചോദിക്കട്ടെ. നിങ്ങളുടെ ജീവിതകാലത്ത് ഇതുവരെയും ദൈവത്തിന് എതിരായി ചെയ്തിട്ടുള്ള ഓരോ തെററിനും സ്വർഗ്ഗത്തിലെ ദൈവം കണക്കു ചോദിച്ചാൽ അതിന്റെ മുമ്പിൽ നില്ക്കാൻ നിങ്ങൾക്കു കഴിയുമോ? അങ്ങനെയുള്ള പാപങ്ങൾക്ക് ശിക്ഷലഭിക്കാതെ പോയാൽ അതു നീതിയായിരിക്കുമോ? സൽപ്രവർത്തികൾ അതാതിന്റെ നിലയിൽ നല്ലതു തന്നെ, എന്നാൽ ദൈവനീതിയെ തികപ്പാൻ മനുഷ്യന്റെ യാതൊരു സൽകൃത്യങ്ങൾക്കും കഴിവില്ല. മരണശിക്ഷ വിധിക്കപ്പെട്ട ഒരുവന് ദാനധർമ്മം നടത്തി രക്ഷപ്പെടുവാൻ ലോകനീതിപോലും സമ്മതിക്കയില്ല. ദൈവവചനം പറയുന്നത് പാപം ചെയ്യുന്ന ദേഹി മരിക്കും എന്നാണ്. നിത്യമായ ശിക്ഷയല്ലാതെ പാപിയായ മനുഷ്യന് മറെറാന്നും അവകാശമായില്ല.

അതിനാൽ ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിങ്ങൾ നില്ക്കുമ്പോൾ ഒന്നുകിൽ നിങ്ങളുടെ പാപത്തിന്റെ പരിഹാരം വരാത്ത അവസ്ഥയുമായി നിത്യമായ ന്യായവിധി

യിലേക്ക് പ്രവേശിക്കാം. അല്ല എങ്കിൽ നിങ്ങൾക്ക് പകരമായി ക്രിസ്തു ശിക്ഷ അനുഭവിച്ചു എന്നറിഞ്ഞ് യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷനേടാം. അത് ദൈവം നല്കുന്ന ഉറപ്പാണ്. ഇതിൽ നിങ്ങൾ ഏത് തിരഞ്ഞെടുക്കും? ഒരിക്കലും ഈ ദൈവസ്നേഹത്തെ മറികടന്ന് പോകുവാൻ നിങ്ങൾക്ക് ഇടയാകരുത്.

മനുഷ്യവർഗ്ഗത്തിൻെറ പാപത്തിൻെറ പ്രായശ്ചിത്തത്തിനായി ദൈവപുത്രൻ പീഡയനുഭവിച്ച നിമിഷങ്ങളിലേക്ക് ഒന്നു തിരിഞ്ഞു നോക്കുന്നത് ആവശ്യമായിരിക്കുന്നു. ഇങ്ങനെയുള്ള ആത്മീക പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിൻെറ പ്രവർത്തകർക്ക് അത് ഏററവും താത്പര്യമുള്ള വിഷയങ്ങൾ ആയിരിക്കുന്നു എന്ന് വരാം. അനേകർ ഇങ്ങനെയുള്ള പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിച്ചുവെന്നും വന്നേക്കാം. എന്നാൽ നമ്മുടെ രക്ഷിതാവായ ക്രിസ്തു ആ ഭാരമുള്ള മരക്കുരിശും വഹിച്ച് കൊലക്കളത്തിലേക്കു നടന്നു നീങ്ങിയപ്പോൾ തനിക്കു സഹായത്തിനായി ആരും ഉണ്ടായിരുന്നില്ല. മണിക്കൂറുകൾ നീണ്ട കഷ്ടാനുഭവ വേളകളിൽ ഒരു ആശ്വാസ വാക്ക് പറയുവാൻ ആരുമില്ലായിരുന്നു, താൻ ഏകനായി സർവ്വലോകത്തിൻെറയും പാപം വഹിച്ചു. ഒരു വ്യക്തി പാപത്താൽ എത്രമാത്രം വിരുപനായിരിക്കുന്നു എന്നറിയണമെങ്കിൽ ക്രൂശിലെ ക്രിസ്തുവിങ്കലേക്കു നോക്കിയാൽ മതിയാകും. അതുപോലെയുള്ള നിന്ദയും പീഡയും സഹിച്ച് തൻെറ രക്തം ചൊരിഞ്ഞത് എന്നേയും നിങ്ങളേയും രക്ഷിക്കുന്നതിനാണ്. അതാണ് സുവിശേഷം എന്നു പറയുന്നത്. ആശ്വാസവും സഹായവും നിഷേധിക്കപ്പെട്ട ആ നിമിഷങ്ങൾ നിങ്ങൾക്ക് ഏതുമില്ലാത്തതുപോലെ ആയിരിക്കരുത്.

ക്രൂശിൽ മരിച്ച്, ഉയിർത്തെഴുന്നേററ ഈ ക്രിസ്തുവിനെ വിശ്വാസത്താൽ സ്വീകരിക്കുമെങ്കിൽ ഇന്ന് നിങ്ങളിൽ ഒരു രൂപാന്തരം ഉണ്ടാകും; പരിശുദ്ധാത്മാവിനാലുള്ള ഒരു പുതിയ ജീവിതത്തിന് നിങ്ങൾ ഉടമയാകും. ദൈവം അതിനായി നിങ്ങളെ സഹായിക്കട്ടെ!

ഈ ചിന്തകളുടെ ഒടുവിലത്തെ ഭാഗത്ത് ''തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും'' എന്ന് കാണുന്നു.

**- വിശ്വസിക്കുന്ന ഏവനും -**

ഇന്ന് നിങ്ങൾക്കു തരുവാനുള്ള പ്രത്യാശയുടെ ദൂത് ''വിശ്വസിക്കുന്ന ഏവനും'' എന്നുള്ളതാണ്. അതിൽ നിന്ന് ആരേയും ഒഴിവാക്കിയിട്ടില്ല. ആകാശം ഭൂമിക്ക് മീതേ ഉയർന്നിരിക്കുന്നതുപോലെ, ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ മനുഷ്യനോടുള്ള തൻെറ ദയ വലുതായിരിക്കുകയും, മാനവ ലംഘനങ്ങളെ അകററുകയും ചെയ്യുന്ന ദൈവം സകല മനുഷ്യരെയും തൻെറ രക്ഷാപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നാണ് 'വിശ്വസിക്കുന്ന ഏവനും' എന്ന പ്രയോഗത്തിൽ നിന്നും മനസ്സിലാകുന്നത്. അതിൽ നിങ്ങൾ ഓരോരുത്തരും ഉൾപ്പെട്ടിരിക്കുന്നു. ഒരു വ്യക്തിയ്ക്ക് പോലും 'ഞാൻ ദൈവത്തിൻെറ രക്ഷാവ്യവസ്ഥിതിയിൽ ഉൾക്കൊള്ളുന്നവനല്ല' എന്ന് പറയുവാൻ ഇതു നിമിത്തം കഴിയുകയില്ല. 'വിശ്വസിക്കുന്ന ഏവനും' എന്നു പറയുമ്പോൾ അതിൽ നിന്ന് ഒരു ഭാഷക്കാരേയും ഒഴിവാക്കിയിട്ടില്ല ഒരു ദേശക്കാരേയും മാററിയിട്ടില്ല. നിങ്ങളുടെ സാമ്പത്തിക നില എന്തു തന്നെ ആയിക്കൊള്ളട്ടെ, നിങ്ങളുടെ വിദ്യാഭ്യാസ നിലവാരമോ ചുററുപാടോ എങ്ങനെ ആയിരുന്നാലും 'വിശ്വസിക്കുന്ന ഏവനും' എന്ന പ്രയോഗത്തിൽ നിങ്ങൾ ആയിരിക്കുന്നു. നിങ്ങളുടെ പാപത്തിൻെറ അവസ്ഥ ലഘുവോ ഭീകരമോ ആയിരുന്നാലും 'വിശ്വസിക്കുന്ന ഏവനും' എന്ന വാക്കിൽ നിങ്ങളേയും ദൈവം കണ്ടിരിക്കുന്നു. നിങ്ങൾ ഒരുപക്ഷേ പ്രായമുള്ള ഒരാളായിരിക്കാം. എന്നാൽ താമസിച്ചു പോയിട്ടില്ല - കർത്താവായ യേശുക്രിസ്തുവിൽ ഇന്നു വിശ്വസിക്കുമെങ്കിൽ 'വിശ്വസിക്കുന്ന ഏവനും' എന്ന വാക്കിലെ അനുഗ്രഹം നിങ്ങൾക്ക് അനുഭവമാകും. ഒരു പക്ഷേ നിങ്ങൾ ചെറുപ്പമായിരിക്കാം. ജീവിതത്തിൻെറ ഒരു പ്രഭാതം മുഴുവനും ദൈവത്തിനുവേണ്ടി പ്രവർത്തിപ്പാൻ മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ ഇന്ന് വിശ്വസിക്കുക, 'വിശ്വസിക്കുന്ന ഏവനും' പാപ മോ

പനം ഉണ്ട്. 'വിശ്വസിക്കുന്ന ഏവനും ആത്മരക്ഷയും നിത്യ ജീവനും ദൈവം ഉറപ്പു നൽകിയിരിക്കുന്നു.

എന്നാൽ ഒരു വ്യക്തി വിശ്വസിക്കേണ്ടത് ഏതെങ്കിലും ഒരു ആശയത്തിലോ, മാർഗ്ഗത്തിലൊ, തത്വസംഹിതയിലോ അല്ല നിങ്ങൾ വിശ്വസിച്ച് ആശ്രയിക്കേണ്ടത് ഒരു വ്യക്തിയിലാണ്. നിങ്ങൾക്ക് ആവശ്യം ഒരു രക്ഷകനെയാണ്. ക്രിസ്തുവിൽ ആ രക്ഷകനെ കണ്ടെത്തുക.

വധശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട ഒരു മനുഷ്യനുണ്ടായിരുന്നു. ശിക്ഷ നടപ്പാക്കേണ്ട ദിവസമായി. ആ മുഷ്യൻ വളരെ നിരാശനായി കൊലക്കളത്തിലേക്ക് നടന്നു നീങ്ങി, കൊലക്കയർ അവന്റെ ദൃഷ്ടിയിൽ പെട്ടു. അവൻ വളരെ വിഷമിക്കുവാൻ തുടങ്ങി. അവനോട് സഹതാപമുണ്ടായിരുന്ന ജയിൽ അധികാരി ഒരു റോസാപുഷ്പം അവന്റെ കൈകളിൽ കൊടുത്തിട്ട് "കഴിഞ്ഞതെല്ലാം മറക്കുക നല്ലതു മാത്രം ചിന്തിച്ച് നീങ്ങുക'' എന്നു പറഞ്ഞു. അവൻ യാതൊരു വികാര വ്യത്യാസവുമില്ലാത്തവനായി നടന്നു നീങ്ങി ഏകദേശം ആ കൊലമരത്തോട് അടുത്തെത്തിയപ്പോൾ രാജസന്നിധിയിൽ നിന്നും ഒരു ദൂതൻ ഒരു ദൂതുമായി ഓടിയെത്തി അതിന്റെ ഒരു പകർപ്പ് അവന്റെ കൈകളിൽ കൊടുത്തു. ഏറെ നാളുകൾക്ക് മുമ്പ് അവൻ അർപ്പിച്ചിരുന്ന ദയാഹർജിമേൽ രാജാവിന്റെ വിധിയായി, അവന് ഒരു വിമോചനത്തിന്റെ ചീട്ടു കൊടുത്തയച്ചു. അത് കിട്ടിയ മാത്രയിൽ ആ മനുഷ്യൻ സന്തോഷത്താൽ തുള്ളിച്ചാടി. കൊലക്കയർ തൊട്ടു മുമ്പിൽ നിൽക്കുമ്പോൾ ലഭിച്ച വിമോചനത്തിന്റെ വാർത്തയിൽ ആ മനുഷ്യൻ സന്തോഷത്താൽ മതിമറന്നു.

നിങ്ങളുടെ പദവി, ധനം, പ്രശസ്തി ഇവയെല്ലാം കൊലക്കളത്തിനു മുമ്പായി ആ മനുഷ്യന് ലഭിച്ച റോസാ പുഷ്പം പോലെ മാത്രമേ ആയിരിക്കുന്നുള്ളു. ന്യായവിധി നാളിൽ, ദൈവത്തിന്റെ ശിക്ഷാവിധി ദിവസത്തിൽ യാതൊരു പ്രയോജനവും അത് നിങ്ങൾക്ക് നല്കി തരികയില്ല. നിങ്ങൾ ഇന്നനുഭവിക്കുന്ന സകലതും എല്ലാ നന്മകളും നിങ്ങളു

ടെ സഹായമായി തീരുകയില്ല. എന്നാൽ കർത്താവായ യേശു ക്രിസ്തു കാൽവറി ക്രൂശിൽ നിർവ്വഹിച്ച അനുഗ്രഹിക്കപ്പെട്ട രക്ഷയുടെ സന്ദേശം ഇന്നൊരു വിമോചന ചീട്ടായി നിങ്ങളുടെ കൈകളിൽ ഏല്പിച്ചു തന്നിരിക്കുന്നു. അത് പറയുന്നത് ഇതാണ്: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

ഈ വചനം നിങ്ങൾ വിശ്വസിക്കുന്നുവോ?